**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2229** **12-12-2022 - ൽ മറുപടിയ്ക്ക്**

**നോർക്ക റിക്രൂട്ടിംഗ് വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | വിദേശജോലി കാംക്ഷിക്കുന്ന അഭ്യസ്തവിദ്യരെ സ്വകാര്യ ഏജൻസികളുടെ തട്ടിപ്പിനിരയാക്കാതെ വിദേശ തൊഴിൽ ലഭ്യമാക്കാൻ നോർക്ക റിക്രൂട്ടിംഗ് വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | നോർക്കാ റിക്രൂട്ടിംഗ് വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>നിയമവിരുദ്ധമായി വിദേശജോലിക്ക് റിക്രൂട്ട്മെന്റ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ഇതിനെതിരെ കേരളാ പോലീസും നോർക്കാ വകുപ്പും വിദേശകാര്യ മന്ത്രാലയത്തിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സും സംയുക്തമായി 'ഓപ്പറേഷൻ ശുഭയാത്ര' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പറും (0471-2721547), ഇ-മെയിൽ ഐഡികളും spnri.pol@kerala.gov.in, dyspnri.pol@kerala.gov.in നിലവിൽ വന്നിട്ടുണ്ട്. നിയമവിരുദ്ധ റിക്രൂട്ട്മെന്റുകൾക്കെതിരെ വിവിധ മാധ്യമങ്ങൾ വഴി വ്യാപകമായ പ്രചാരവും നൽകി വരുന്നുണ്ട്. |
| (ബി) | സമീപ കാലത്തെ വിദേശയാത്രയുടെ ഫലമായി വിപുലമായ തോതിൽ യൂറോപ്യൻ രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് സാധ്യതകൾ ഉറന്നു കിട്ടിയിട്ടുണ്ടോ; ഇതിനായി ധാരണപത്രം ഒപ്പിട്ടിട്ടുണ്ടോ; | (ബി) | കേരളത്തിൽ നിന്നും സുരക്ഷിതവും സുതാര്യവും നിയമപരവുമായ മാർഗ്ഗത്തിലൂടെ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങിയവരുടെ യു.കെ യിലേക്കുള്ള സുഗമമായ തൊഴിൽ കുടിയേറ്റം സാധ്യമാക്കാൻ യു.കെ യിൽ NHS പ്രവർത്തനങ്ങൾ ലഭ്യമാക്കുന്ന 42 ഇന്റഗ്രേറ്റഡ് കെയർ പാർട്ട്ണർഷിപ്പുകളിൽ ഒന്നായ Humber and North Yorkshire Health & Care Partnership ഉം മാനസികാരോഗ്യ രംഗത്തെ 'നാവികോ' എന്ന സംഘടനയും ചേർന്ന് ത്രികക്ഷി ധാരണാപത്രം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 09.10.2022 ൽ ഒപ്പിട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ യു.കെ യിലെ NHS നിരീക്ഷകർ, ആരോഗ്യ വകുപ്പ് പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിങ്ങനെ 48 പേർ ഉൾപ്പെട്ട പ്രതിനിധിസംഘം കേരളത്തിലേക്ക് വരികയും 2022 നവംബർ മാസം 21 മുതൽ 25 വരെ |

| | | | |
|---|---|---|---|
| | | | കൊച്ചിയിൽ വിപുലമായ യു.കെ എംപ്ലോയ്മെന്റ് ഫെസ്റ്റ് സംഘടിപ്പിക്കുകയും ചെയ്തു. ആദ്യഘട്ടത്തിൽ ആരോഗ്യമേഖലയിലേക്ക് ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെയും സോഷ്യൽ വർക്കർ വിഭാഗത്തിലേക്കുമാണ് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഒരു പ്രത്യേക മേഖലയിൽ ഒന്നിലധികം തൊഴിൽ ദാതാക്കളുമായി നേരിട്ട് സംവാദിക്കാൻ ഉദ്യോഗാർത്ഥികൾക്ക് അവസരം ലഭിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷം തന്നെ വീണ്ടും ജോബ് ഫെയർ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | വിദേശ തൊഴിലിന് കേരളീയരെ പ്രാപ്തരാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുവാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | വിദേശ തൊഴിലിന് കേരളത്തിലെ യുവതീ യുവാക്കളുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്താനായി നോർക്ക റൂട്ട്സ് സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇതുവഴി 1040 പേർക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. നിശ്ചിത സാങ്കേതിക യോഗ്യതയുള്ളവർക്ക് വിദേശത്ത് തൊഴിൽ നേടാൻ സഹായകരമായ കോഴ്സുകൾ വിവിധ സർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തി വരുന്നു.<br><br>ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ മേഖലയിലെ തൊഴിൽ സാധ്യത പരിഗണിച്ച് നൂതന സാങ്കേതിക കോഴ്സുകളായ റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ, ഫുൾസ്റ്റാക്ക് ഡെവലപ്പർ, ഡാറ്റാ സയൻസ് ആന്റ് അനലിറ്റിക്സ് എന്നിവയിൽ ഐ.സി.ടി അക്കാദമി ഓഫ് കേരളയുമായി സഹകരിച്ച് പരിശീലനം നൽകിവരുന്നു.<br><br>പശ്ചിമേഷ്യൻ രാജ്യങ്ങളിലെ നഴ്സിങ് മേഖലയിൽ തൊഴിൽ സാധ്യത ഏറുന്നതിനാൽ അതത് രാജ്യങ്ങളിലെ ഗവ. ലൈസൻസിങ് പരീക്ഷകൾ പാസാകുന്നതിന് നഴ്സിങ് ഉദ്യോഗാർത്ഥികൾക്ക് നഴ്സിങ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) മായി സഹകരിച്ച് പ്രത്യേക പരിശീലനം നൽകിവരുന്നു.<br><br>കൂടാതെ German, Japanese, Spoken Arabic, English (IELTS, OET) എന്നീ ഭാഷാ പരിശീലനത്തിനായി Norka Institute of Foreign Language ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ